ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. ഭാസ്കരൻ നായർ: കൂടുതൽ ക്ലറാരോപണങ്ങളും പോലീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ കേട്ടില്ല.

ശ്രീ. ടി. ഒ. ദിവാകരൻ: എക്സ് ബ്രാഞ്ചിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ആക്കാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സൂക്ഷ്മമായി അറിഞ്ഞുകൂടാ.

ശ്രീ. ടി. ഒ. ദിവാകരൻ: അത് ഈ ഉദ്യോഗസ്ഥനു വിട്ടുകൊടുക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. സി. ജോർജ്: അഴിമതി എന്ന വാക്കിനു നിർവചനം നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഴിമതി എന്നതിൽ കാലതാമസം വരുത്തുക, കൈക്കൂലി ഇതെല്ലാം ഉൾപ്പെട്ടും.

ഫയലുകൾ കൈകാര്യം ചെയ്യുന്നതിലുള്ള താമസം.

* 124. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെന്റ് സെക്രട്ടറിയേറ്റിലും മറ്റ് ആഫീസുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു നിമിത്തം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാൻ എന്തു നടപടികളാണ് ഇതിനകം ഗവണ്മെന്റ് സ്വീകരിച്ചത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഗവണ്മെന്റ് സെക്രട്ടറിയേറ്റിലും മറ്റ് ആഫീസുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ടെന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗവണ്മെന്റ് മറ്റു പുതിയ വകുപ്പ് രൂപീകരിച്ചു പ്രവർത്തനം നടത്തുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അത് ഏതു വകുപ്പാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുമ്പിലത്തെ ചോദ്യത്തിൽ പറഞ്ഞ വകുപ്പ് തന്നെയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഫയലുകൾ താമസിപ്പിച്ചതിന് ആരെയെങ്കിലും താക്കീതു ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ വളരെ കാല താമസം ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ വിജിലൻസ് വകുപ്പിലാണ് കാലതാമസം കൂടുതലെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഇല്ല.

മിനിമംവേജസ് കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള നടപടി.

* 125. [6] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി മിനിമംവേജസ് കമ്മിറ്റി എന്നാണ് നിയമിതമായത്;

(ബി) കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ ഗവണ്മെന്റ് എന്തു നടപടിയെടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കർഷകത്തൊഴിലാളി മിനിമംവേജസ് കമ്മിറ്റി നയമിച്ചത് 23-10-53-ൽ ആയിരുന്നു. പക്ഷെ അതു ജോലിചെയ്യാൻ തുടങ്ങിയതു 15-9-54-ൽ ആയിരുന്നു.

(ബി) കമ്മിറ്റിയുടെ ജോലി പൂർത്തിയാകാത്തതിനാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. വിശ്വംഭരൻ: കമ്മിറ്റി എത്ര തവണ കൂടിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു വേണം.

ശ്രീ. പി. വിശ്വംഭരൻ: കമ്മിറ്റിയിൽ ആരെങ്കിലും തെളിവു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനും നോട്ടീസുവേണം.

ശ്രീ. പി. വിശ്വംഭരൻ: ഇനി ഒട്ടും താമസിയാതെ റിപ്പോർട്ടു വരുത്താൻ നടപടി കൈക്കൊള്ളുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: താമസം ആദ്യംതന്നെ ഉണ്ടായി: 53 അക്ടോബർ 23-ൽ കമ്മിറ്റി നിയമിച്ചു. അധികകാലം കഴിഞ്ഞിട്ടാണ് അതു പ്രവർത്തനം ആരംഭിച്ചതു. ഇനി താമസിയാതെതന്നെ റിപ്പോർട്ടുവരും.

ശ്രീ. ടി. കെ. ദിവാകരൻ: പിന്നെയും ഒരു കൊല്ലത്തിൽ കൂടുതൽ താമസം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല കാരണങ്ങളാലും കമ്മിറ്റിക്കു ഇടയ്ക്കിടെ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly